# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **1533**. **06-03-2017 ൽ മറുപടിയ്ക്ക്**

## നെൽകൃഷിയുടെ വ്യാപനത്തിനായി പദ്ധതി

**ചോദ്യം**
ശ്രീ.ഐ.ബി. സതീഷ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷിയുടെ വ്യാപനത്തിനായി പഞ്ചായത്തടിസ്ഥാനത്തിൽ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ; | (എ) | നെൽകൃഷിയുടെ വ്യാപനത്തിനായി പഞ്ചായത്തടിസ്ഥാനത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് നിലവിലുള്ളത്.<br>**1. സുസ്ഥിര നെൽകൃഷി വികസനം-**<br>ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേയ്ക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനും പുറമെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 4500/- രൂപ നിരക്കിൽ 180000 ഹെക്ടർ സ്ഥലത്ത് 8100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**2. വികസന ഏജൻസികൾക്കുള്ള ഫണ്ട്-**<br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br>**3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം-**<br>പ്രത്യേക നെല്ലിനങ്ങളായ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല രക്തശാലി, ബസ്മതി) എന്നിവയുടെ കൃഷിക്കുള്ള പ്രോൽസാഹനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി |

നടപ്പിലാക്കിവരുന്നു.

**4.പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-**

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**5.കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2752.092 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) 374.28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30000 രൂപാ നിരക്കിൽ, 2900 ഹെക്ടറിന് 870 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഒരുപ്പ കൃഷി ഇരുപ്പ കൃഷി ആക്കുന്നതിലേക്കായി ഹെക്ടറിന് 10000/- രൂപ ധനസഹായ നിരക്കിൽ 94 ഹെക്ടറിന് 9.4 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**6.നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**7.കാർഷിക സൗജന്യ വൈദ്യുതി പദ്ധതി**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി. 57.37 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന നടപ്പുവർഷം അധികമായി ലഭിച്ചിട്ടുമുണ്ട്.

**8.ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം)-**

| | | | |
|---|---|---|---|
| | | | ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി ( NFSM) പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിനായി 243 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കി വരുന്നു.<br>**9.** ആർ.കെ.വി.വൈ പദ്ധതി പ്രകാരം ഹെക്ടറിന് 7500/- രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | കാട്ടാക്കട മണ്ഡലത്തിൽ നെൽകൃഷി പ്രദേശങ്ങൾ എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ? | (ബി) | മലയിൻകീഴ് - കരനെൽകൃഷിയുൾപ്പെടെ 4 ഹെക്ടർ നെൽകൃഷി നടപ്പിലാക്കിവരുന്നു. വിളപ്പിൽ - കരനെൽകൃഷിയുൾപ്പെടെ 2.5 ഹെക്ടർ നെൽകൃഷി നടപ്പിലാക്കിവരുന്നു. കാട്ടാക്കട - കരനെൽകൃഷിയുൾപ്പെടെ 5.2 ഹെക്ടർ നെൽകൃഷി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ